# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 10.02.2026**

### പ്രധാനവാർത്തകൾ

1. പ്രതിപക്ഷ ബഹളത്തെ തുടർന്ന് ലോക്സഭ ഉച്ചയ്ക്ക് രണ്ട് മണി വരെ നിർത്തിവച്ചു. രാജ്യസഭാ നടപടികൾ പുരോഗമിക്കുന്നു.

2. 'സൈബർ തട്ടിപ്പുകൾ കൈകാര്യം ചെയ്യുന്നതും നിർമാർജ്ജനവും' എന്ന വിഷയത്തിലെ ദേശീയ സമ്മേളനം കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഇന്ന് ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും.

3. കേരളത്തിലെ ആദ്യ സമഗ്ര അന്താരാഷ്ട്ര വിദ്യാലയമായ കണ്ണൂർ മുണ്ടേരി ഗവൺമെൻറ് ഹയർ സെക്കണ്ടറി സ്കൂളിൻറെ ഉദ്ഘാടനം ഇന്ന് വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും.

4. സ്വകാര്യ മേഖലയിലെ 25 ലക്ഷത്തോളം തൊഴിലാളികൾക്ക് പ്രയോജനപ്രദമായ രക്ഷാകവചം പദ്ധതിയ്ക്ക് മന്ത്രി വി ശിവൻകുട്ടി ഇന്ന് തുടക്കം കുറിയ്ക്കും.

5. ശബരിമല സ്വർണ അപഹരണ കേസിൽ പ്രതിയായ തിരുവിതാംകൂർ ദേവസ്വം ബോർഡ് മുൻ പ്രസിഡന്റ് എ.പത്മകുമാറിന്റെ റിമാൻഡ് കാലാവധി 14 ദിവസത്തേക്ക്കൂടി നീട്ടി.

6. ICC ടി- 20 ലോകകപ്പിൽ ഇന്ന് മൂന്ന് മത്സരങ്ങൾ ; ആദ്യമത്സരത്തിൽ നെതർലാൻഡ്സ് നമീബിയയെ നേരിടുന്നു.

RNU TVPM

***********************************

## ബജറ്റ് സമ്മേളനം

പ്രതിപക്ഷ ബഹളത്തെ തുടർന്ന് ലോക്സഭ ഉച്ചയ്ക്ക് 2 മണി വരെ നിർത്തിവച്ചു. ചോദ്യോത്തര വേള ആരംഭിച്ചപ്പോൾ മുതൽ കോൺഗ്രസ്, ടി.എം.സി, ഡി.എം.കെ അംഗങ്ങൾ നടുത്തളത്തിലിറങ്ങി മുദ്രാവാക്യം വിളിക്കാൻ തുടങ്ങിയതോടെ സഭ ആദ്യം 12 മണി വരെ നിർത്തി വച്ചിരുന്നു. സഭയുടെ സുഗമമായ നടത്തിപ്പിന് സഹകരിക്കണമെന്ന് സഭാക്ഷ്യക്ഷൻ ആവർത്തിച്ച് ആവശ്യപ്പെട്ടെങ്കിലും പ്രതിപക്ഷ അംഗങ്ങൾ വഴങ്ങിയില്ല. മൃഗസംരക്ഷണ അടിസ്ഥാന സൗകര്യ വികസന ഫണ്ടുമായി ബന്ധപ്പെട്ട ചോദ്യത്തിന് മൃഗസംരക്ഷണ, ക്ഷീരവികസന സഹമന്ത്രി എസ്.പി. സിംഗ് ബാഗേൽ ഉത്തരം നൽകാൻ ശ്രമിച്ചെങ്കിലും പൂർത്തിയാക്കാൻ കഴിഞ്ഞില്ല. പന്ത്രണ്ട് മണിക്ക് വീണ്ടും സമ്മേളിച്ചപ്പോൾ പ്രതിപക്ഷം ബഹളം തുടരുന്ന സാഹചര്യത്തിൽ സഭ രണ്ട് മണി വരെ നിർത്തി വയ്ക്കുന്നതായി സഭാധ്യക്ഷൻ അറിയിച്ചു. രാജ്യസഭാ നടപടികൾ പുരോഗമിക്കുകയാണ്.

RNU TVPM

***********************************

## അമിത് ഷാ

'സൈബർ തട്ടിപ്പുകൾ കൈകാര്യം ചെയ്യുന്നതും നിർമാർജ്ജനവും' എന്ന വിഷയത്തിലെ ദേശീയ സമ്മേളനത്തിന് ഇന്ന് ന്യൂഡൽഹിയിൽ തുടക്കമാകും. സമ്മേളനത്തിൽ കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ മുഖ്യ പ്രഭാഷണം നടത്തും. സി ബി ഐ യുടെ പുതിയ സൈബർ ക്രൈം ബ്രാഞ്ചും അദ്ദേഹം ഉദ്ഘാടനം ചെയ്യും. ആഭ്യന്തര മന്ത്രാലയത്തിന് കീഴിലുള്ള ഇന്ത്യൻ സൈബർ ക്രൈം കോർഡിനേഷൻ സെന്ററിന്റെ സ്റ്റേറ്റ് സൈബർ ക്രൈം കോർഡിനേഷൻ സെന്റർ ഡാഷ്ബോർഡിനും കേന്ദ്ര ആഭ്യന്തര മന്ത്രി തുടക്കം കുറിക്കും.

***********************************

## അന്താരാഷ്ട്ര വിദ്യാലയം-കണ്ണൂർ (ഇൻട്രോ)

സംസ്ഥാനത്തെ ആദ്യത്തെ സമഗ്ര അന്താരാഷ്ട്ര വിദ്യാലയമാവുകയാണ് കണ്ണൂർ ജില്ലയിലെ മുണ്ടേരി ഗവൺമെൻറ് ഹയർ സെക്കണ്ടറി സ്കൂൾ. നൂതന സാങ്കേതിക വിദ്യകളെ ഉപയോഗപ്പെടുത്തി കൊണ്ട് 60 കോടിയോളം രൂപ ചെലവഴിച്ചാണ് സ്കൂളിനെ നവീകരിച്ചത്. ഇന്ന് വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം നിർവഹിക്കും. **കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ**

**(വോയ്സ്)**

***********************************

## രക്ഷാകവചം പദ്ധതി

വേതന സുരക്ഷാ പദ്ധതിയിൽ അംഗങ്ങളായ സ്വകാര്യ മേഖലയിലെ 25 ലക്ഷത്തോളം തൊഴിലാളികൾക്ക് അഷ്വറൻസ് മാതൃകയിൽ സംസ്ഥാന സർക്കാർ നടപ്പാക്കുന്ന രക്ഷാകവചം പദ്ധതിയുടെ ഉദ്ഘാടനം മന്ത്രി വി ശിവൻകുട്ടി ഇന്ന് തിരുവനന്തപുരത്ത് നിർവഹിക്കും. പദ്ധതിയിൽ അംഗമാകുന്ന സ്വകാര്യ മേഖലയിലെ തൊഴിലാളിക്ക് അപകടമരണം സംഭവിച്ചാൽ, ആശ്രിതർക്ക് അഞ്ച് ലക്ഷം രൂപ ലഭിക്കും. പദ്ധതി വിഹിതമായി ഓരോ തൊഴിലാളിയിൽ നിന്നും ഒരു നിശ്ചിത തുക സ്വീകരിക്കും. കഴിഞ്ഞ ബജറ്റിൽ പദ്ധതിയ്ക്കായി 30 ലക്ഷം രൂപ വകയിരുത്തിയിരുന്നു.

***********************************

## എസ്ഐആർ നടപടികൾ

സംസ്ഥാനത്ത് എസ്ഐആർ നടപടികൾ പൂർത്തിയാക്കുന്ന ആദ്യ ജില്ലയായി ആലപ്പുഴ. ഹിയറിങ് ഉൾപ്പടെ എല്ലാ നടപടികളും

PNU TVPM

പൂർത്തിയായി. തിരുവനന്തപുരം, എറണാകുളം ജില്ലകളും നൂറ് ശതമാനം ഹിയറിങ് പൂർത്തിയാക്കിയതായി മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ അറിയിച്ചു. അന്തിമ വോട്ടർപട്ടിക ഈ മാസം 21 ന് പ്രസിദ്ധീകരിക്കും.

*************************************

## ശബരിമല സ്വർണ അപഹരണ കേസ്

ശബരിമല സ്വർണ അപഹരണ കേസിൽ പ്രതിയായ തിരുവിതാംകൂർ ദേവസ്വം ബോർഡ് മുൻ പ്രസിഡന്റ് എ. പത്മകുമാറിന്റെ റിമാൻഡ് കാലാവധി 14 ദിസത്തേക്ക്കൂടി ദീർഘിപ്പിച്ചു. കൊല്ലം വിജിലൻസ് കോടതി ഈമാസം 24 വരെയാണ് റിമാൻഡ് നീട്ടിയത്. ദേവസ്വം ബോർഡ് മുൻ പ്രസിഡന്റും, മുൻ കമ്മീഷണറുമായ എൻ. വാസുവിന്റെ ജാമ്യാപേക്ഷയിൽ നാളെ വിധി പറയും. തന്ത്രിയുടെ ജാമ്യഹർജികളിൽ പ്രോസിക്യൂഷൻ വാദം ഇന്ന് ഉച്ചയ്ക്കുശേഷം നടക്കും.

RNU TVPM

*************************************

## അൾട്രാവയലറ്റ് സൂചിക

സംസ്ഥാനത്ത് കഴിഞ്ഞ 24 മണിക്കൂറിൽ രേഖപ്പെടുത്തിയത് ഉയർന്ന അൾട്രാവയലറ്റ് സൂചിക. തുടർച്ചയായി അൾട്രാവയലറ്റ് രശ്മികൾ ശരീരത്തിൽ ഏൽക്കുന്നത് സൂര്യാതപത്തിനും ത്വക്ക് രോഗങ്ങൾക്കും നേത്രരോഗങ്ങൾക്കും മറ്റ് ആരോഗ്യ പ്രശ്നങ്ങൾക്കും കാരണമായേക്കാം. 10 മണി മുതൽ മൂന്ന് മണി വരെയുള്ള സമയത്ത് പൊതുജനങ്ങൾ സുരക്ഷാ മുൻകരുതലുകൾ സ്വീകരിക്കണമെന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മുന്നറിയിപ്പ് നൽകി.

*************************************

ബ്രേക്ക്

**ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....**

**(ബ്രേക്ക്)**

***********************************

സംസ്കൃത സുഭാഷിതം

ഭൂമിദേവിയുമായി ബന്ധപ്പെട്ട സംസ്കൃത സുഭാഷിതം പങ്കുവെച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി. കൃഷി, സമൃദ്ധി, പോഷണം എന്നിവയ്ക്കായി അചഞ്ചലമായി നിലകൊള്ളുകയും എല്ലാറ്റിനെയും സന്തുലിതാവസ്ഥയിൽ നിലനിർത്തുകയും ചെയ്യുന്ന ഭൂമി ദേവിയെ വന്ദിക്കുന്നതായി അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു.

***********************************

റെയിൽപ്പാത

ആലപ്പുഴ തീരദേശ റെയിൽപ്പാത ഇരട്ടിപ്പിക്കുന്നതിനായി റെയിൽവേ മന്ത്രാലയം 324.16 കോടി രൂപ അനുവദിച്ചു. 12.66 കിലോമീറ്ററാണ് ദൈർഘ്യം. 1.80 കിലോമീറ്റർ ദൈർഘ്യമുള്ള പാലക്കാട് ടൗൺ-പറളി ബൈപ്പാസ് ലൈനിന് 163.57 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

***********************************

മുണ്ടൂർ-തൂത സംസ്ഥാനപാത

നവീകരിച്ച പാലക്കാട് മുണ്ടൂർ-തൂത സംസ്ഥാനപാതയുടെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നാളെ വൈകീട്ട് ഓൺലൈനായി നിർവഹിക്കും. മന്ത്രി പി.എ. മുഹമ്മദ് റിയാസ് അധ്യക്ഷനാകും. മലമ്പുഴ, കോങ്ങാട്, ഒറ്റപ്പാലം,

RNU TVPM

ഷൊർണൂർ മണ്ഡലങ്ങളിലൂടെ കടന്നുപോകുന്ന 36.8 കിലോമീറ്റർ പാത 364 കോടിരൂപ ചെലവിലാണ് നവീകരിച്ചത്.

***********************************

## നഭമിത്ര എക്സ്പോണ്ടർ-തൃശ്ശൂർ(ഇൻട്രോ)

കേരളത്തിലെ കടലുകളിൽ ഇനി കേന്ദ്ര സുരക്ഷയുടെ കരുതൽ. കേരളത്തിലെ ഒമ്പത് മത്സ്യ ഗ്രാമങ്ങളിൽ നഭമിത്ര എക്സ്പോണ്ടർ സജ്ജം. I S R O വികസിപ്പിച്ചെടുത്ത ഈ ഉപകരണം തൃശ്ശൂർ ജില്ലയിലെ തീരപ്രദേശങ്ങളായ വലപ്പാട് ചേറ്റുവ എടക്കഴിയൂർ തീരങ്ങളിൽ മത്സ്യത്തൊഴിലാളികളുടെ സുരക്ഷയിൽ വിപ്ലവകരമായ മാറ്റമാണ് കൊണ്ടുവരുന്നത്.

**വിശദാംശങ്ങളുമായി ആകാശവാണി തൃശ്ശൂർ ജില്ലാ പ്രതിനിധി ഭരിതാ പ്രതാപ്.....**

**(വോയ്സ്)**

***********************************

## വൈഗ 2026- പി പ്രസാദ്

മെച്ചപ്പെട്ട വരുമാനം ഉറപ്പുവരുത്തുന്നതിനും പൊതു സംരംഭകരെ ആകർഷിക്കുന്നതിനുമായി കൃഷിവകുപ്പിൻറെ നേതൃത്വത്തിൽ വൈഗ 2026 സംഘടിപ്പിക്കുമെന്ന് മന്ത്രി പി പ്രസാദ്. സംസ്ഥാനത്തെ കാർഷികോല്പന്നങ്ങളുടെ സംസ്കരണം, മൂല്യവർദ്ധനവ്, വിപണനം എന്നിവയെ പ്രോത്സാഹിപ്പിക്കുകയാണ് പരിപാടിയുടെ പ്രധാനലക്ഷ്യമെന്നും മന്ത്രി വാർത്താസമ്മേളനത്തിൽ അറിയിച്ചു. നാളെ വൈകുന്നേരം മുഖ്യമന്ത്രി പിണറായി വിജയൻ പരിപാടിയുടെ ഉദ്ഘാടനം നിർവഹിക്കും.

***********************************

RNU TVPM

## മലയാള സിനിമ-കരാർ

മലയാള സിനിമാമേഖലയിലെ സേവന വേതനവ്യവസ്ഥകൾ പരിഷ്കരിക്കുന്ന കരാറിൽ ഫെഫ്കയും പ്രൊഡ്യൂസേഴ്സ് അസോസിയേഷനും ഒപ്പുവച്ചു. ജോലിസമയം 12 മണിക്കൂറിൻറെ വ്യത്യസ്ത ഷിഫ്റ്റുകളായി ക്രമീകരിക്കുന്നതും ഓവർ ടൈം ബാറ്റയും ഉൾപ്പെടെയുള്ള വ്യവസ്ഥകൾ പുതിയ കരാറിലുണ്ട്. പ്രൊഡ്യൂസഴ്സ് അസോസിയേഷൻ പ്രസിഡൻറ് ബി. രാകേഷ്, ജനറൽ സെക്രട്ടറി ലിസ്റ്റിൻ സ്റ്റീഫൻ, ഫെഫ്ക ജനറൽ സെക്രട്ടറി ബി. ഉണ്ണികൃഷ്ണൻ എന്നിവരാണ് കരാറിൽ ഒപ്പു വച്ചത്.

*********************************

## കേരള സർവ്വകലാശാല

കേരള സർവ്വകലാശാലയിൽ വൻ പോലീസ് സുരക്ഷ. യുവജനോത്സവത്തിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് എസ് എഫ് ഐ ഇന്നലെ രാപ്പകൽ സമരം ആരംഭിച്ചിരുന്നു. ഇന്ന് എസ് എഫ് ഐ നടത്തിയ സർവ്വകലാശാല മാർച്ച് അക്രമാസക്തമായി. പോലീസ് ജലപീരങ്കി പ്രയോഗിച്ചു

RNUTVPM

*********************************

## ടി- 20

ICC ടി- 20 പുരുഷ ക്രിക്കറ്റിൽ നെതർലാൻഡ്സ് ഇപ്പോൾ നമീബിയയെ നേരിടുന്നു. ടോസ് നേടിയ നെതർലാൻഡ്സ് നമീബിയയെ ബാറ്റിങിനയച്ചു. ചെന്നൈയിൽ വൈകിട്ട് മൂന്നിന് നടക്കുന്ന രണ്ടാം മത്സരത്തിൽ യു എ ഇ, ന്യൂസിലൻഡിനെ നേരിടും. രാത്രി 7 മണിക്ക് കൊളംബോയിൽ പാകിസ്ഥാനും യു എസും തമ്മിലാണ് മൂന്നാം മത്സരം.

*********************************

## ഓഹരി , സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. സെൻസെക്സ് 328 പോയിന്റ് ഉയർന്ന് 84,391 ലും നിഫ്റ്റി 95 പോയിന്റ് ഉയർന്ന് 25,962 ലും വ്യാപാരം പുരോഗമിക്കുന്നു. സ്വർണ്ണ വിലയിൽ മാറ്റമില്ല. ഗ്രാമിന് 14,475 രൂപയും പവന് ഒരു ലക്ഷത്തി 15,800 രൂപയുമാണ് ഇന്നത്തെ വില .

*************************************

## സ്പാ കൂട്ടബലാൽസംഗ കേസ്

തിരുവല്ല സ്പാ കൂട്ടബലാൽസംഗകേസിൽ കൂടുതൽ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി അന്വേഷണ സംഘം വിപുലീകരിച്ചു. കേസിലെ പ്രധാന പ്രതി സുബിനെതിരെ കാപ്പാ കേസ് ചുമത്താനുള്ള ശുപാർശ പത്തനംതിട്ട ജില്ലാ പോലീസ് മേധാവി ജില്ലാ കളക്ടർക്ക് കൈമാറി. കാപ്പാ പ്രകാരമുള്ള തടവ് ശിക്ഷ കഴിഞ്ഞ് പുറത്തിറങ്ങിയതിന് പിന്നാലെയാണ് ഇയാൾ സ്പായിൽ അതിക്രമം നടത്തിയത്. നിലവിൽ മൂന്ന് പ്രതികളാണ് പിടിയിലായത്. മറ്റ് മൂന്ന് പ്രതികൾ ഒളിവിലാണ്.

RNUTVPM

*************************************

## വന്ദനദാസ് കേസ്

കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ ഡോ. വന്ദനദാസ് കൊല്ലപ്പെട്ട കേസിൽ പ്രതിയായ സന്ദീപിനെ വിചാരണ കോടതി നേരിട്ട് ചോദ്യം ചെയ്യുന്ന നടപടി പൂർത്തിയായി. തെളിവുകൾ പ്രതിയെ വായിച്ചു കേൾപ്പിച്ചശേഷം കോടതി വിശദീകരണം തേടി. പ്രോസിക്യൂഷൻ ആരോപണങ്ങൾ പ്രതി കോടതിയിൽ നിഷേധിച്ചു. പ്രതിഭാഗം തെളിവെടുപ്പിന് മുന്നോടിയായുള്ള പ്രാഥമികവാദം കേൾക്കുന്നതിന് കേസ് നാളെ പരിഗണിക്കും.

***************************************************************************************************************

******************